# പള്ളിക്കൽ നടുവിലെമുറി
# എൽ.പി.എസ്



## അക്കാദമിക മാസ്റ്റർ പ്ലാൻ

### കണ്ണാടി

Scanned with CamScanner

# ആമുഖം

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന അറിവിന്റെ സുവർണ്ണ ഖനികളാണ് വിദ്യാലയങ്ങൾ. ഫ്യൂഡൽ വ്യവസ്ഥ നിലനിന്നിരുന്ന കാലം വിദ്യാഭ്യാസം വരേണ്യ വിഭാഗത്തിന്റെ മാത്രം അവകാശമായിരുന്നു. അക്കാരണത്താൽ വിദ്യാഭ്യാസം സാർവജനീനമായിരുന്നില്ല. സമൂഹത്തിന്റെ താഴേക്കിടയിലുള്ളവർക്ക് കേവലം അക്ഷരപരിജ്ഞാനവും എഞ്ചുവടിക്കണക്കുകളും കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. കാലക്രമേണ ഇത്തരം കളരികൾ അപ്രത്യക്ഷമായി. സർക്കാർ പ്രേരണയിൽ പ്രൈമറി സ്കൂളുകൾ അങ്ങിങ്ങു തുടങ്ങി. അന്ന് ആധികാരിക രേഖകൾ താളിയോലകളിലും എഴുത്തോലകളിലുമായിരുന്നു. എഴുത്തോലകളുടെയും നാരായത്തിന്റെയും യുഗത്തിൽ നിന്ന് അച്ചടി പുസ്തകങ്ങളുടേയും തൂവൽ പേനകളുടേയും കരി പെൻസിലിന്റേയും കളത്തിലേക്കുള്ള പരിവർത്തനം വിപ്ലവകരമായിരുന്നു. കളരികളും, പ്രൈമറി സ്കൂളുകളും സമാന്തര വിദ്യാലയങ്ങളായി തുടർന്നു. പണ്ടുകാലത്ത് ഈ പ്രദേശത്ത് നിലത്തെഴുത്ത് പള്ളിക്കൂടങ്ങളുണ്ടായിരുന്നു. കൂടാതെ അംഗൻവാടികളും, വിദ്യാലയങ്ങളും ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

മാവേലിക്കര താലൂക്കിൽ ഭരണിക്കാവ് വില്ലേജിൽ പള്ളിക്കൽ നടുവിലെ മുറിയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് പള്ളിക്കൽ നടുവിലെ മുറി എൽ.പി.എസ്. പള്ളിക്കൽ നടുവിലെ മുറിയുടെ അക്ഷര ശ്രീകോവിലാണ് ഈ വിദ്യാലയം. പള്ളിക്കലിന്റെ വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായ വളർച്ചയ്ക്ക് മാതൃതുല്യമായ സേവനങ്ങൾ കാഴ്ച വെച്ച ഈ വിദ്യാലയം നാടിന്റെ അഭിമാനമാണെന്ന് നിസ്സംശയം പറയാം. ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയവർ നാടിന്റെ നാനാതുറകളിലും ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നു. ഇന്നും തുടർന്നു പോകുന്നു. പഠന നിലവാരത്തിലും, പാഠ്യേതര പ്രവർത്തനത്തിലും ഈ വിദ്യാലയം വളരെയേറെ ശ്രദ്ധ കൊടുക്കാറുണ്ട്. അതിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

Scanned with CamScanner

# സ്കൂൾ ചരിത്രം

1919-ൽ ഈ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. മൂത്തോട്ടിൽ വീട്ടിൽ കൊച്ചുണ്ണിത്താൻ ആയിരുന്നു ആദ്യ മാനേജർ. പിന്നീട് കൊല്ല കൽ എം.കെ.കൃഷ്ണപിള്ള മലയാളവർഷം 1110-ൽ മാനേജ്മെന്റ് വിലയ്ക്ക് വാങ്ങി. ഇപ്പോൾ പൗർണ്ണമിയിൽ എൻ.മുരളീധരൻപിള്ളയാണ് മാനേജർ. പള്ളിക്കലിന്റെ പുരോഗതിയിൽ ഈ വിദ്യാലയത്തിന്റെ സേവനം മഹത്തരമാണ്.

പി.റ്റി.എ, അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, എസ്.എസ്.ജി, സന്ന ദ്ധസംഘടനകൾ എന്നിവരുടെ കൂട്ടായ്മയിൽ രൂപീകരിച്ച പദ്ധതികൾ പ്രായോഗികമാക്കി മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉണ്ടാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. അക്കാദമികവും ഭൗതികവും സാമൂഹ്യവുമായി പുരോ ഗതി കൈവരിച്ച വിദ്യാലയമാണ് ഞങ്ങളുടെ സ്വപ്നം.

Scanned with CamScanner

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയമാണ് പള്ളിക്കൽ നടുവിലെ മുറി എൽ.പി.എസ്. സിലബസ് അനുസരിച്ചുള്ള ചിട്ടയായ പഠനത്തോടൊപ്പം ക്വിസ് മത്സരങ്ങളിലും ശാസ്ത്ര-ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേള കളിലും കലോൽസവങ്ങളിലും കാലാ കാലങ്ങളിലായി വിജയങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. ഹെൽത്ത് ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഗണിത ക്ലബ്ബ്, സുരക്ഷാ ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ശുചിത്വ ക്ലബ്ബ് എന്നിവ നല്ലരീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ദിനാചരണങ്ങൾ, സാമൂഹ്യ പങ്കാളിത്തത്തോടുകൂടി ആചരിക്കുന്നുണ്ട്. വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി പ്രായോഗികപ്പെടുത്തുന്നുണ്ട്. ഓരോ കുട്ടിയും അവരുടെ ജന്മദിനത്തോടനുബന്ധിച്ച് പുസ്തകങ്ങൾ സംഭാവനയായി നൽകുന്നത് ലൈബ്രറി വിപുലപ്പെടുത്താൻ സഹായകമാകുന്നുണ്ട്. ഇംഗ്ലീഷ് അസംബ്ലി നടത്തുകയും അതിന്റെ ഭാഗമായി ഇംഗ്ലീഷ് പ്രയർ, ഇംഗ്ലീഷ് പ്രതിജ്ഞ, ഇംഗ്ലീഷ് ന്യൂസ്, thought of the day എന്നിവ കാര്യക്ഷമമായി നടത്തുന്നുണ്ട്. നാലു കംപ്യൂട്ടറുകൾ സ്കൂളിൽ നിലവിലുണ്ട്. പാഠ്യ പാഠ്യേതര വിഷയങ്ങൾ ഇതിന്റെ സഹായത്തോടെ കൈകാര്യം ചെയ്യുന്നുമുണ്ട്. എല്ലാ ദിവസവും അസംബ്ലിയിൽ ക്വിസ് നടത്തുകയും (മലയാളം, ഗണിതം, ജി.കെ) അതിന്റെ ഉത്തരങ്ങൾ പരിശോധിച്ച് സ്കോർ രേഖപ്പെടുത്തി സ്കൂൾ വാർഷികത്തിന് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. SRG, PTA എന്നവ കൃത്യമായി നടക്കുന്നുണ്ട്. CPTA എല്ലാ മാസവും വിളിച്ചുകൂട്ടി രക്ഷകർത്താക്കളുമായി ചേർന്ന് പാഠ്യ പാഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. സാമൂഹിക നന്മയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാറുണ്ട്. മലയാളമനോരമ നല്ലപാഠം പദ്ധതിയുടെ ജില്ലാതല വിജയികൾക്കുള്ള പുരസ്കാരം കഴിഞ്ഞ അദ്ധ്യയന വർഷം ഏറ്റുവാങ്ങി. 16-17 ൽ A+ ഉം കരസ്ഥമാക്കി. ദേശീയസെമിനാറിൽ പ്രബന്ധം അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചു. പ്രദേശിക സാംസ്കാരിക സംഘടനകൾ നടത്തുന്ന മൽസരങ്ങളിലും മുൻപന്തിയിലാണ് ഈ വിദ്യാലയം.

Scanned with CamScanner

പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം പൊതുജനാരോഗ്യ രംഗത്തെ മികവ് എന്നിവകൊണ്ട് ഇന്ത്യക്കു മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യലയങ്ങളിലെത്തിക്കുവാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തെ തുടർന്ന് ഗുണമേന്മ ലക്ഷ്യം വെച്ചുള്ള വ്യാപകമായ അടിസ്ഥാന സൗകര്യ വികസനവും അദ്ധ്യാപക പരിശീലന പരിപാടികളും നടക്കുന്നുണ്ട്. ഇതോടൊപ്പം പാഠ്യപദ്ധതിയെ ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ടിതവും പ്രക്രിയ ബന്ധിതവുമാക്കി കാലോചിതമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഒരു മികച്ച വിദ്യാലയം രൂപപ്പെടുത്താൻ ആവശ്യമായ ഭൗതികവും അക്കാദമികവും സാമൂഹികവുമായ സാഹചര്യങ്ങളൊരുക്കി പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തി അന്തർദ്ദേശീയ തലത്തിലാക്കാനുള്ള കർമ പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഉന്നത സാങ്കേതിക വിദ്യയിലൂടെ കേരളത്തിലെ വിദ്യാർത്ഥികളേയും അവരെ അതിനു പ്രാപ്തരാക്കാൻ അദ്ധ്യാപകരേയും ലേകനിലവാരത്തിലേക്ക് നയിക്കുക എന്നതാണ് ലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദ്യത്തേതാണ് സ്കൂളിന്റെ അടുത്ത 5 വർഷത്തേക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത്. അതിനാൽ പി.ടി.എ, പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, സ്കൂൾ വികസനസമിതി എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഇതോടൊപ്പം ചേർക്കുന്നു.

Scanned with CamScanner

## പൊതുലക്ഷ്യങ്ങൾ

- പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികലെ ഉയർന്ന നിലവാരത്തിലെത്തിച്ച് പഠനനേട്ടം ഉറപ്പു വരുത്തുക. എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പു വരുത്തുക.
- കുട്ടിയെ മികച്ച വായനക്കാരനാക്കുക.
- കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.
- ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും എല്ലാ കുട്ടികളേയും പ്രാപ്തമാക്കൽ.
- കുട്ടികളുടെ ഇംഗ്ലീഷ്പദ സമ്പത്ത് വർദ്ധിപ്പിക്കൽ.
- എല്ലാ കുട്ടികളേയും ഇംഗ്ലീഷ് ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തമാക്കൽ.
- സംഖ്യാബോധം ഉറപ്പു വരുത്തുക.
- പ്രശ്നാപഗ്രഥനവുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തുന്നതിന്
- ഗണിതത്തിന്റെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ.(അളവുകൾ, സമയം, ജ്യാമിതീയ രൂപങ്ങൾ, ഭിന്നസംഖ്യ)
- ഗണിതം ലളിതവും ആസ്വാദ്യവുമാക്കുക.
- കുട്ടികളെ ശാസ്ത്രബോധമുള്ളവരാക്കുക.
- എല്ലാകുട്ടികൾക്കും കായിക ക്ഷമത പരിപോഷിപ്പിച്ച് കായിക രംഗങ്ങളിൽ ഉന്നത നിലവാരത്തിലെത്തിക്കുക.
- സമൂഹ പങ്കാളിത്തത്തോടെ കായികവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം.
- എല്ലാഅധ്യാപകരേയും ഐ ടി അധിഷ്ഠിതബോധനത്തിന് പ്രാപ്തമാക്കൽ.
- എല്ലാ കുട്ടികൾക്കും ഐ ടി സാക്ഷരരാക്കുക.
- ഐ ടി അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക.
- കുട്ടികൾക്ക് കലാപഠനത്തിന് അവസരമൊരുക്കൽ.
- കുട്ടികളുടെ നൈസർഗിക കഴിവുകൾ പരിപോഷിപ്പിക്കുക.
- മേളകളിൽ മികച്ച വിജയം കൈവരിക്കൽ.

Scanned with CamScanner

## സ്കൂളിലെ അക്കാദമികവും ഭൗതികവുമായ ഘടകങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

| ഭൗതികം | അക്കാദമികം |
|---|---|
| പ്രീപ്രൈമറി സ്കൂൾ മേൽക്കൂര മാറ്റൽ<br><br>കമ്പ്യൂട്ടർ റൂം, ഇന്റർനെറ്റ്,വാട്ടർടാങ്ക് പൈപ്പ്<br><br>ഫാൻ, റൂഫ് സീലിംഗ് സ്കൂൾ ഭിത്തി മനോഹരമാക്കൽ<br><br>സ്കൂൾ നെയിംബോർഡ്, മൈക്രോ ഫോൺ വിത്ത് ആംപ്ലിഫയർ. | വായനമൂല, ബാലസഭ സ്ക്കൂൾക്ലബ് രൂപീകരണം വർത്തമാന പത്രം, യോഗ ക്ലാസ്സ് പി.റ്റി.എ, എസ്.ആർ.ജി. ദിനാചരണങ്ങൾ, ഡ്രൈഡേ, വിദ്യാരം ഗം, ഇംഗ്ലീഷ് ഡേ പാദവാർഷിക മൂല്യ നിർണ്ണയം വിദ്യാഭ്യാസ പ്രസിദ്ധീകര ണങ്ങൾ സ്കൂളിന്റെ പേരിൽ ഒരു വെബ്സൈറ്റ്, പഠന സാമഗ്രി നിർമ്മാ ണം, എസ്.ആർ.ജി. ക്ലാസ്സ് പി.ടി.എ ബാലസഭ, ഇംഗ്ലീഷ് ഡേ, ഡ്രൈഡേ, സംഗീതക്ലാസ്സ് തനത് പ്രവർത്തന ങ്ങൾ. കരാട്ടെ ക്ലാസ്സ്, ഐ.സി.റ്റി പഠ നം, യോഗ അർദ്ധവാർഷിക മൂല്യ നിർണയം. പഠനയാത്ര, മൈക്രോഫോ ണിലൂടെ കുട്ടികളുടെ കലാപരിപാടി കൾ, വാർഷിക മൂല്യ നിർണ്ണയം. ഗണിതശേഷി വികസനം, പ്രവൃത്തി പരിചയപഠനം, ഭാഷാസേഷി വിക സനം, ലൈബ്രറി ശാക്തീകരണം, അക്കാദമിക കലണ്ടർ, വാർഷിക കല ണ്ടർ, പ്രൊജക്ടർ, ഒന്നാം ക്ലാസ്സ് ഒന്നാംതരം മികച്ച രചനകൾ ഒരുക്കൽ, സർഗ ചുവർ ഇംഗ്ലീഷ് ഭാഷാ ലബോ റട്ടറി, ടേം മൂല്യനിർണ്ണയം, ബ്ലോഗ് നാടകക്കളരി, എടി പരിശീലനം, |

Scanned with CamScanner

| ഭൗതികം | അക്കാദമികം |
|---|---|
| | ശാസ്ത്രാഭിരുചി വളർത്തൽ, ഗവേഷണാത്മക പ്രവർത്തനം. ജൈവവൈവിധ്യ പാർക്ക്, ഒറിഗാമി ശില്പശാല, മെഡിക്കൽ ക്യാമ്പ്, പച്ചക്കറിത്തോട്ടം അധ്യാപക ശാക്തീകരണ പരിപാടി, സാഹിത്യ പോഷണ പരിപാടികൾ കായിക പഠനം, ഗണിത ലാബ്, അമ്മ വായന, അഭിമുഖം, രചനാശില്പശാല, ഇംഗ്ലീഷ് തീയേറ്റർ പോഷകാഹാര പരിപാടി, പാവനാടക പരിശീലനം, ഗണിതാന്തരീക്ഷമൊരുക്കൽ, ആധുനികവത്കരിക്കൽ, പ്രതിഭാ പോഷണ പരിപാടി, കലാകായികമേള, പ്രവൃത്തി പരിചയപഠനം, സ്കൂൾ പത്രം. |

Scanned with CamScanner

## ACADEMIC MASTER PLAN

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| പഠനത്തിന്റെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിച്ച് പഠനനേട്ടം ഉറപ്പുവരുത്തുക എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുക. | • കുട്ടികളുടെ പഠന നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടപ്പിലാക്കുക.<br>• കുട്ടികളെ ശരാശരി പഠന നേട്ടത്തിലെത്തിക്കാൻ സഹായകമായ പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കുക. അത് വിനിമയം ചെയ്യാൻ പ്രത്യേക സമയം കണ്ടെത്തുക.<br>• പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെകുറിച്ച് പഠനം നടത്തുക.<br>• ഇത്തരം കുട്ടികളുടെ രക്ഷിതാക്കളെയും അവരുടെ വീടുകളിലെ അഭ്യസ്ത വിദ്യരായ മുതിർന്നവരേയും പങ്കെടുപ്പിച്ച് മൊഡ്യൂൾ വിനിമയ ശില്പശാല നടത്തുക.<br>• പോസ്റ്റ് ടെസ്റ്റ് നടത്തി കുട്ടിയുടെ പഠന പുരോഗതി കണ്ടെത്തി പൊതുചടങ്ങിൽ വെച്ച് പ്രഖ്യാപനം നടത്തുകയും കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക.<br>• മലയാളത്തിളക്കം പ്രവർത്തനങ്ങൾ നടത്താൻ എല്ലാ ദിവസുവം പ്രത്യേക സമയം കണ്ടെത്തുന്നു.<br>• അക്ഷരം ചിഹ്നങ്ങൾ ഇവ ഉറപ്പിക്കുന്നു.<br>• വാക്കുകൾ നിർമ്മാണം, വാക്യങ്ങൾ നിർമ്മാണം | 1 വർഷം | | അധ്യാപകർ<br>രക്ഷിതാക്കൾ<br>അധ്യാപകർ | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| | • വർക്ക്ഷീറ്റ് നൽകൽ<br>• ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള ചോദ്യങ്ങൾ നൽകുന്നു.<br>• ചിത്രം വരച്ച് അടിക്കുറിപ്പ് എഴുതുന്നു.<br>• കഥാഭാഗം വായിച്ച് കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നു.<br>• കഥാരൂപം ക്രമത്തിൽ എഴുതി വായനയ്ക്ക് അവസരം നൽകൽ<br>• കഥ - വായനക്കാർഡായി രൂപപ്പെടുത്തൽ<br>• കഥാഭാഗത്തിന്റെ ബാക്കി എഴുതൽ (work sheet)<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന<br>• ICT സാധ്യത ഉപയോഗിച്ചുള്ള ഭാഷാകേളികൾ (നിരന്തരം)<br>• കവിത എഴുതാൻ (ചിത്രം നൽകി) അവതരിപ്പിക്കൽ<br>• കുറിപ്പ് തയ്യാറാക്കൽ - വിവിധ വിഷയങ്ങളെക്കുറിച്ച്<br>• ചിത്രം നൽകി അതിനെപ്പറ്റി സംസാരിക്കൽ | 1 വർഷം | വായനാ കാർഡ്<br><br>ICT | അധ്യാപകർ | എസ്.എസ്.എ<br>5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| | • ചുറ്റുപാടുമുള്ള വസ്തുക്കളെക്കുറിച്ച് കുട്ടിയെ അറിയാൻ പ്രാപ്തനാക്കുക. (പൂക്കൾ, പക്ഷികൾ, പുഴകൾ) വായനയ്ക്കും ലേഖനത്തിനും അവസരം നൽകുന്നു.<br>• ഓരോ അക്ഷരം വരുന്ന വാക്കുകൾ, വാക്യങ്ങൾ ഇവ നിർമ്മിക്കുന്നു. പദനിഘണ്ടു തയ്യാറാക്കുന്നു. (സ്വരങ്ങൾ, വ്യഞ്ജനങ്ങൾ)<br>• ചിത്രം വരച്ച് പേരെഴുതൽ - ചിത്രമാസിക തയ്യാറാക്കൽ<br>• ലഘു ചിത്രീകരണം നൽകി വാക്കുകൾ, വാക്യങ്ങൾ എഴുതൽ<br>• മറ്റു സാധ്യമായ ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>• തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി നിരന്തരം മൂല്യനിർണ്ണയം നടപ്പിലാക്കൽ<br>• കുട്ടികളുടെ മികവുകൾ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ | 2 വർഷം | വർത്തമാനപ്പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ICT<br>Facebook പത്രം | അധ്യാപകർ<br>രക്ഷിതാക്കൾ<br>പൂർവ വിദ്യാർത്ഥികൾ രക്ഷിതാക്കൾ<br>അധ്യാപകർ | എസ്.എസ്.എ 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാകുക | • വായനമൂല സജ്ജീകരിക്കുന്നു. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കണം.<br>• ലൈബ്രറി പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>• പുസ്തകങ്ങൾ ക്ലാസ്സ് നിലവാരമനുസരിച്ച് തരംതിരിക്കുന്നു.<br>• ഇനിയും ആവശ്യമുള്ള പുസ്തകങ്ങൾ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നു.<br>• ഒരു കുട്ടി ഒരു അദ്ധ്യയനവർഷം വായിക്കേണ്ട മിനിമം പുസ്തകങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നു.<br>• ഓരോ ദിവസവും വായിക്കാനുള്ള സമയം ക്രമീകരിക്കുന്നു.<br>• എല്ലാ ക്ലാസ്സിലും വായനാ കൂട്ടങ്ങൾ രൂപീകരിക്കുന്നു.<br>• വായന അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.<br>• വായനശാലയിലെക്കാവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ<br>• എല്ലാ ക്ലാസ്സിലും മൂന്നുതരം ദിനപ്പത്രങ്ങൾ<br>• അസംബ്ലിയിൽ പത്രവായന | 1 വർഷം | ലൈബ്രറി<br>പത്രം<br>ബാലമാസികകൾ | അധ്യാപകർ<br>പി.ടി.എ.<br>എസ്. ആർജി<br>എസ്.എസ്.ജി<br>പൂർവ വിദ്യാർത്ഥികൾ | പൂർവ്വവിദ്യാർത്ഥികൾ 20000<br>എസ്.എസ്.എ 2000 |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| | • ക്ലാസ്സുതല പത്രവായന<br>• പത്രവാർത്തകളെ ആസ്പദമാക്കി ചോദ്യങ്ങൾ ചോദിക്കുന്നു.<br>• അസംബ്ലിയിൽ പുസ്തക പരിചയം നടത്തുന്നു. (അധ്യാപകർ, കുട്ടികൾ)<br>• വീട്ടിലൊരു ലൈബ്രറി - എല്ലാ കുട്ടികളും അവരുടെ വീട്ടിൽ ലൈബ്രറി ഒരുക്കുന്നു.<br>• വായനാദിനാചരണം<br>• വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ<br>• പുസ്തകവായന-ചർച്ച<br>• ബാലസഭ, വിദ്യാരംഗം ഇവ വായനയ്ക്കുകൂടി അവസരം നൽകുന്ന വേദികളാകുന്നു<br>• സാഹിത്യകാരൻമാരുമായി അഭിമുഖം<br>• ICT സാധ്യത ഉപയോഗപ്പെടുത്തി സാഹിത്യ നായകൻമാരെയും അവരുടെ കൃതികളേയും പരിചയപ്പെടുത്തൽ | 2 വർഷം | ലൈബ്രറി | രക്ഷിതാക്കൾ | 2000 |
| | • പ്രാദേശിക ലൈബ്രറിയിൽ അംഗത്വം അവർ സംഘടിപ്പിക്കുന്ന പരിപാടികളിൽ സജീവ പങ്കാളിത്തം<br>• അമ്മ വായന | 1 വർഷം | ലൈബ്രറിയിൽ അംഗത്വം | പ്രാദേശിക ലൈബ്രറി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • ജന്മദിനത്തിന് സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവന<br>• സാഹിത്യ നായകൻമാരുടെ അനുഭവങ്ങൾ കേൾക്കാനവസരം<br>• ഇ-വായന<br>• പുസ്തകമേള<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ചവർക്ക് സമ്മാനം<br>• വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കി പതിപ്പാക്കുന്നു<br>• എഴുത്തുകൂട്ടം രൂപീകരിക്കുന്നു<br>• അമ്മമാർക്കായി ആസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിക്കുന്നു. മികച്ചത് തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. കുട്ടികൾക്കും വായിച്ച് ഭാഗങ്ങൾ അമ്മമാർ പറഞ്ഞുകൊടുക്കുന്നു. | 2 വർഷം | ലൈബ്രറി<br>ICT | PTA<br>SSG | |
| | • സാഹിത്യ നായകൻമാരെപ്പറ്റി പതിപ്പ് തയ്യാറാക്കൽ<br>• വായനാദിനവുമായി ബന്ധപ്പെട്ട് ചുവർപത്രം തയ്യാറാക്കൽ<br>• ക്ലാസ്സ് മാഗസിൻ – കുട്ടികളുടെ സൃഷ്ടികൾ<br>• സ്കൂൾ മാഗസിൻ<br>• സാഹിത്യഗാലറി | 1 വർഷം | പതിപ്പ് | MPTA | 2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| വായന (ഒഴുക്കോടെയുള്ള സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കൽ | • വിഷയം നൽകി അതിനെപ്പറ്റി എഴുതാൻ നിർദ്ദേശിക്കുന്നു.<br>• ചുറ്റുപാടുമുള്ള വസ്തുക്കളെപ്പറ്റി കഥ, കവിത, വർണ്ണന, വിവരണം, കുറിപ്പ് തയ്യാറാക്കൽ<br>• പ്രീ ടെസ്റ്റ് നടത്തുന്നു (വായന)<br>• പിന്നാക്കക്കാരെ കണ്ടെത്തി പരിഹാരപ്രവർത്തനങ്ങൾ നൽകുന്നു.<br>• രക്ഷാകർത്താക്കൾക്ക് ബോധവതിക്കരണം നടത്തുന്നു.<br>• പോസ്റ്റ് ടെസ്റ്റ് നടത്തുന്നു (വായന)<br>• എല്ലാദിവസവും പത്രവായന - അസംബ്ലിയിലും ക്ലാസ്സിലും<br>• മലയാളഭാഷാ നിഘണ്ടുതയ്യാറാക്കൽ<br>• ക്ലാസ്സ് പി.ടി.എയിൽ കുട്ടികളുടെ വായനാനുഭവങ്ങൾ പങ്കുവെയ്ക്കൽ, വായന മികവുകൾ അവതരിപ്പിക്കൽ<br>• കുട്ടികളുടെ മികവുകൾ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ<br>• ബാലസഭയിൽ വായനാനുഭവങ്ങൾ പങ്കുവെയ്ക്കൽ | 3 വർഷം | പതിപ്പ് | അധ്യാപകർ | SSA 2000 |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- | --- |
| സംഖ്യാബോധ ഉറപ്പുവരുത്തുക | • അടിസ്ഥാന ഗണിത ആശയ രൂപീകരണത്തിന് സഹായകമായ സാധന സാമഗ്രികൾ പട്ടികയാക്കൽ ശേഖരിക്കൽ (കുട്ടികളുടെ പങ്കാളിത്തത്തോടെ)<br>• ഓരോ യൂണിറ്റിലും (ഓരോ ക്ലാസ്സിലും ഗണിതാശയ രൂപീകരണത്തിനുതകുന്ന സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു. | 2 വർഷം | ഗണിത ലാബ് | അധ്യാപകർ | SSA 10000 |
| പ്രശ്നാപഗ്രന്ഥവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തുന്നതിന് | • ആശയ രൂപീകരണത്തോടൊപ്പം തന്നെ സാമഗ്രികളുടെ നിർമ്മാണവും – വളരുന്ന ഗണിതലാബ് നിർമ്മാണ പ്രവർത്തനങ്ങൾ – ശില്പശാല<br>• ഗണിത കേളികൾക്കാവശ്യമായ സാമഗ്രികൾ – പാമ്പും കോണിയും ജിഗ്സോ, പദപ്രശ്നങ്ങൾ, ഡോമിനോ കട്ടകൾ, നാലുമൂല, റിറ്റ്സ് സ്ക്വയർ<br>• ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട ജിഗ്സോകൾ. ക്ലബ്ബ് സജീവമാക്കൽ | 2 വർഷം | ഗണിത ലാബ് | പഞ്ചായത്ത് | |
| ഗണിതത്തിന്റെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ (അളവുകൾ, സമയം, ജാമിതീയ രൂപങ്ങൾ, ഭിന്നസംഖ്യ) | • വിവിധ ക്രിയകൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിന്റെ പ്രക്രിയചാർട്ടുകൾ<br>• ഗണിത കുസൃതികൾ – ചാർട്ട്<br>• ഗണിത കഥകൾ, പാട്ടുകൾ – ചാർട്ട്<br>• ഗണിത ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ ഗ്യാലറി – പതിപ്പ് | | | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ഗണിതം ലളിതവും അസ്വാദ്യകരവുമാക്കുക. | • വിവിധ ജ്യാമിതീയ നിർമ്മിതികൾ ചാർട്ട് ത്രെഡ്, പാറ്റേൺ, മോഡലുകൾ (5 വർഷം)<br>• ഗണിത മോഡലുകൾ (റോക്കറ്റുകൾ, വീടുകൾ)<br>• സംഖ്യകളും, സവിശേഷതകളും, ചാർട്ട് (ഗൂഗോൾ, രാമാനുജൻ, സംഖ്യ)<br>• മാന്ത്രിക ചതുരങ്ങൾ<br>• വിവിധ മാന്ത്രിക കളങ്ങൾ (വൃത്തം, പഞ്ചഭുജം)<br>• ചിത്രപാറ്റേണുകൾ<br>• പ്രകൃതിയിലെ ഗണിതം - ചിത്രങ്ങൾ, മാതൃകകൾ<br>• ജ്യാമിതി-പ്രകൃതിയുടെ സൗന്ദര്യം - ചാർട്ട് മാതൃകകൾ<br>• ഗണിത പുരാവസ്തുക്കൾ (അളവ്, തൂക്ക ഉപകരണങ്ങൾ)<br>• സങ്കലന - ഗുണനവസ്തുതകൾ - ഡിസ്പ്ലേ<br>• ഗണിതലൈബ്രറി<br>• ഗണിതരൂപങ്ങൾ വരയ്ക്കാനാവശ്യമായ സാമഗ്രികൾ | | | | |

Scanned with CamScanner

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടികളെ ശാസ്ത്ര ബോധമുള്ളവരാക്കുക | • 1മുതൽ 4 വരെ പഠനത്തിന് സഹായകമായ ശാസ്ത്ര മൂല തയ്യാറാക്കുക. ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുക.<br>• തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ട, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ.<br>• ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ. പരീക്ഷണങ്ങൾ, എന്നിവയും ഉൾപ്പെടുത്തൽ.<br>• പി.ടി.എ.യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം, സാമഗ്രികളുടെ ശേഖരണം<br>• നിർമ്മാണശില്പശാല<br>• ശാസ്ത്രമൂല ക്രമീകരണം<br>• സ്കൂൾലാബ് ക്രമീകരണം<br>• ശാസ്ത്ര സാഹിത്യപുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് ലഭ്യമാക്കൽ<br>• പഠനയാത്രകൾ സംഘടിപ്പിക്കുക.<br>• നിർമ്മാണശേഷി വികസനം<br>• ലഘുപരീക്ഷണങ്ങൾ - പരീക്ഷണക്കുറിപ്പുകൾ<br>• field trip<br>• മാഗസിൻ തയ്യാറാക്കൽ (ശാസ്ത്രജ്ഞന്മാരുടെ കുറിപ്പ്, ക്വിസ്)<br>• ചുമർപത്രിക<br>• ചോദ്യോത്തരപ്പെട്ടി<br>• ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | 3 വർഷം | ശാസ്ത്ര മൂല | പി.ടി.എ പഞ്ചായത്ത് | 10000 |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളേയും പ്രാപ്തമാക്കൽ | • ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷണം സജ്ജമാക്കുന്നു.<br>• എല്ലാ ദിവസവും അസംബ്ലിയിൽ ഇംഗ്ലീഷ് പത്രങ്ങൾ വായിക്കുന്നു.<br>• എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണിക്ക് ആകാശവാണി ഇംഗ്ലീഷ് വാർത്ത ഉച്ചാഷിണിയിലൂടെ കേൾപ്പിക്കുന്നു.<br>• കുട്ടികളുമായുള്ള അധ്യാപകരുടെ അനൗപചാരിക ഭാഷണങ്ങൾ ഇംഗ്ലീഷിൽ ആക്കി.<br>• വിദ്യാലയത്തിനകത്തുള്ള എല്ലാ സാധന സാമഗ്രികൾക്കും ഇംഗ്ലീഷ് ലേബൽ പതിക്കുന്നു.<br>• ടോയ്‌ലറ്റ്, ഡൈനിംഗ് ഹാൾ തുടങ്ങിയ സ്ഥലങ്ങളിൽ നിർദ്ദേശങ്ങൾ എഴുതി ഒട്ടിക്കുന്നു.<br>• ചെടികളിലും മരങ്ങളിലും ഇംഗ്ലീഷ് ലേബൽ പതിക്കുന്നു. | 5 വർഷം | ICT<br>റേഡിയോ<br>മൈക്രോ ഫോൺ | PTA<br>SRG<br>SSG | 10000<br><br>പഞ്ചായത്ത്<br>10000 |
| കുട്ടികളുടെ ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കൽ | • കുട്ടികളുടെ പേരെഴുതിയ സ്റ്റിക്കർ അവരുടെ മുമ്പിലെ ഡസ്ക്കിൽ പതിക്കുന്നു.<br>• തെറ്റുകൂടാതെ ഒഴുക്കോടെ വായിക്കാനും എഴുതാനും എല്ലാവരേയും സജ്ജരാക്കുക.<br>• ടീച്ചർ ഒരു ദിവസം ഒരു വാക്ക് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഈ വാക്ക് കുട്ടിയുടെ ഇംഗ്ലീഷ് നോട്ടുബുക്കിൽ എഴുതുന്നു. | | | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| | • എല്ലാ കുട്ടികളും ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കുന്നു.<br>• പദാവലിവികാസവുമായി ബന്ധപ്പെട്ട ഭാഷാകേളികൾ എല്ലാദിവസവും ക്ലാസ്സിൽ നടത്തുന്നു.<br>• പദസമ്പത്ത് വർദ്ധിപ്പിക്കാനുതകുന്ന ഗെയിമുകൾ ഉൾപ്പെടുന്ന പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ കഴിയുന്ന പ്രത്യേക വർക്ക് ബുക്കുകൾ തയ്യാറാക്കുന്നു.<br>• വായനയ്ക്കായി ഇംഗ്ലീഷ് വായനക്കാർഡുകൾ ഉപയോഗിക്കുന്നു.<br>• ആഴ്ചയിലൊരുദിവസം ഇംഗ്ലീഷ് വായനയ്ക്കായി സമയം ക്രമീകരിക്കുന്നു.<br>• ഇംഗ്ലീഷ് ലൈബ്രറി<br>• ക്ലാസ്സുകളിൽ ഇംഗ്ലീഷ് ചുമർപത്രങ്ങൾ<br>• ഇംഗ്ലീഷ് കഥ, കവിത രചന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ബാലസഭ നടത്തുന്നു.<br>• ഇംഗ്ലീഷ് കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുന്നു.<br>• എല്ലാമാസവും വായന, ലേഖന മത്സരങ്ങൾ (ശ്രാവ്യവായന, ആശയഗ്രഹണവായന, സ്പെല്ലിംഗ്, പദനിർമ്മാണം, പദത്തമ്പോല, വാക്യരചന, riddles) നടത്തുന്നു. | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളേയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തമാക്കൽ | • നാലാം ക്ലാസ്സ് പൂർത്തിയാകുന്നതോടെ കുട്ടികളെ ഇംഗ്ലീഷിൽ സ്വതന്ത്രമായി ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തമാക്കൽ<br>• Communicative English ൽ അധ്യാപകർക്കും പരിശീലനം.<br>• ഒരു ദിവസം, 2, 3 കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള അവസരം നൽകുന്നു.<br>• എല്ലാ ബുധനാഴ്ചയും English day പ്രതിജ്ഞ, അസ്സംബ്ലി<br>• ഇംഗ്ലീഷ് തീയേറ്റർ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചന ശില്പശാലകൾ<br>• സ്കിറ്റ് അവതരണം<br>• ഒരു ദിവസം ഒരു ഭാഷാപരിപാടി<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തുന്നു.<br>• ഇംഗ്ലീഷ് ഫെസ്റ്റ് | 2 വർഷം | | Sponser | SSA 2000<br>Sponser 25000 |

Scanned with CamScanner

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം | • സ്കൂൾ ഫീഡിംഗ് ഏരിയയിൽ വിവിധ പ്രവൃത്തി പരിചയ ഇനങ്ങൾ ചെയ്യാൻ കഴിയുന്ന വ്യക്തികളുടെ പട്ടികതയ്യാറാക്കൽ<br>• ഇവരെ പങ്കെടുപ്പിച്ച് വിദ്യാലയത്തിൽ ഏകദിന പരിശീലനം<br>• രക്ഷിതാക്കൾക്ക് താൽപര്യമുള്ള ഇനങ്ങളിൽ പരിശീലനം | 1 വർഷം | പ്രവൃത്തി പരിചയ മേള | പി.ടി.എ. അധ്യാപകർ | |

Scanned with CamScanner

മേഖല : അക്കാദമികം

ഉപമേഖല : ഐടി അധിഷ്ഠിത പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ അദ്ധ്യാപകരേയും ഐടി അധിഷ്ഠിത ബോധ ത്തിന് പ്രാപ്തമാക്കൽ | (1) അധ്യാപകർക്ക് രണ്ട് ദിവസത്തെ ഐടിപരിശീലനം<br>• മലയാളം, ഇംഗ്ലീഷ് ടൈപ്പ് ചെയ്യുന്നു.<br>• ഫയലുകൾ / ഫോൾഡറുകളാക്കി സൂക്ഷിക്കുന്നു.<br>• സിഡി, ഡിവിഡി, പെൻഡ്രൈവ് എന്നിവയിലേക്ക് കോപ്പി ചെയ്യുന്നു.<br>• പേജുകൾ സെറ്റ് ചെയ്യൽ, പ്രിന്റ് എടുക്കുന്നു.<br>• ഫയൽ, ഓഡിയോ, വീഡിയോ എന്നിവ എഡിറ്റ് ചെയ്യുന്നു.<br>• ഉപജില്ലുവിലെ കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റ് ഉപയോഗിക്കുന്ന രീതികൾ<br>• വിവരങ്ങൾ, ചിത്രങ്ങൾ, ഓഡിയോ, വീഡിയോ എന്നിവ കണ്ടെത്തുന്നതിനും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നു<br>• എൽസിഡി പ്രൊജക്ടർ ഉപയോഗിക്കുന്നവിധം | 5 വർഷം | സ്മാർട്ട് റൂം | സർക്കാർ | 100000 |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ഐടി സാക്ഷരരാക്കുക. | (2) കുട്ടികൾക്ക് ഐടി പരിശീലനം<br>• കംപ്യൂട്ടർ ഉപയോഗിക്കേണ്ട രീതി<br>• ഉബണ്ടുവിലെ ജി ക്രോമ്പിസ് പാഠങ്ങൾ (പഴയ ഐടി ടെക്സ്റ്റ് ഉപയോഗിച്ച്)<br>• ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ്<br>• ഫയൽ, ഫോൾഡർ തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ കണ്ടെത്തുന്നു. | | | | |
| ഐടി അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക. | (3) പഠനശയങ്ങൾ ഐടി അധിഷ്ഠിതമായി അവതരിപ്പിക്കുന്നു.<br>• ഓരോ ക്ലാസ്സിലും ഐടി വിദഗ്ദ്ധരായ രക്ഷിതാക്കളുടെ ഗ്രൂപ്പ് രൂപീകരിക്കുക.<br>• എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട ഐടി വിഭവങ്ങൾ തയ്യാറാക്കുന്നു. | | | | |

Scanned with CamScanner

മേഖല : അക്കാദമികം

ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടികൾ കലാപഠനത്തിനു അവസരം ഒരുക്കൽ<br><br>കുട്ടികളുടെ നൈസർഗിക കഴിവുകൾ പരിപോഷിപ്പിക്കുക. | • വിദ്യാലയപരിസരത്ത് വിവിധകലകളിൽ പ്രാവീണ്യം നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>• സംഗീതം, നൃത്തകല, ചിത്ര കല എന്നിവയിൽ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുന്നു.<br>• ആഴ്ചയിൽ ഒരു മണിക്കൂർ വീതം കലാപഠനം<br>• തുടർച്ചയായ പരിശീലനത്തിന് താൽപര്യമുള്ള കുട്ടികളെ തെരഞ്ഞെടുക്കൽ<br>• അവധിദിവസങ്ങളിൽ ഇവർക്ക് പ്രത്യേകം പരിശീലനം നൽകുന്നു.<br>• അവധിദിവസപരിശീലനത്തിന് വിദഗ്ദ്ധരെ കണ്ടെത്തുന്നു.<br>• കലാപഠനത്തിന് പ്രാദേശികവിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ | 5 വർഷം | | രക്ഷിതാക്കൾ പൂർവ്വവിദ്യാർത്ഥികൾ<br>സ്പോൺസർ<br>എസ്.എസ്.എ | 25000 |
| മേളകളിൽ മികച്ച വിജയം കൈവരിക്കൽ | • രക്ഷിതാക്കൾ, സ്പോൺസർമാർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ ഫണ്ട് സമാഹരിക്കണം. | | | | |

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ആരോഗ്യമുള്ള നല്ല തലമുറയെ വളർത്തിയെടുക്കുക. | • ഓരോ കുട്ടിയ്ക്കും ആരോഗ്യകാർഡ് നൽകുക<br>• പോഷക സമൃദ്ധവും ശുചിത്വമുള്ള ഭക്ഷ്യവിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.<br>• ശുചിത്വമുള്ള സ്കൂൾ അന്തരീക്ഷം ഉറപ്പുവരുത്തുക.<br>• ആരോഗ്യബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.<br>• ഭക്ഷ്യമേളകൾ സംഘടിപ്പിക്കുക.<br>• കുട്ടികൾക്ക് മെസ്സ്, ഹാൾ ആവശ്യമായ പാത്രങ്ങൾ ഉറപ്പാക്കൽ (10 വർഷം)<br>• സ്കൂൾ തലത്തിലും നാട്ടിലും ഉൽപ്പാദിപ്പിക്കുന്ന നാടൻ പച്ചക്കറികൾ ഭക്ഷണത്തിന് ഉപയോഗപ്പെടുത്തൽ (10 വർഷം)<br>• പ്രഥമശുശ്രൂഷ കിറ്റ്, കൗൺസലിംഗ് ക്ലാസ്സ് (ഉയരം, തൂക്കം, രേഖപ്പെടുത്തിയ ചാർട്ട്) | 5 വർഷം | | സർക്കാർ രക്ഷിതാക്കൾ അദ്ധ്യാപകർ | |

Scanned with CamScanner

മേഖല : അക്കാദമികം
ഉപമേഖല : കായികാരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക വിഭവങ്ങൾ | പിന്തുണ | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും കായിക ക്ഷമത പരിപോഷിപ്പിച്ച് കായികരംഗങ്ങളിൽ ഉന്നത നിലവാരത്തിലെത്തിക്കുക. | • എല്ലാകുട്ടികൾക്കും കായികക്ഷമത ഉറപ്പാക്കൽ<br>• കായികക്ഷമത ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ (5 വർഷം)<br>• വിവിധ വ്യായാമമുറകളിൽ പരിശീലനം<br>• ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം<br>• ആഴ്ചയിലൊരിക്കൽ Mass-Drill<br>• വിവിധ ഗെയിംസിൽ കുട്ടികൾക്ക് പരിശീലനം<br>• കായിക മാനസികാരോഗ്യത്തിന് വിവിധ വ്യായാമ മുറകൾ ക്ലബ്ബ് സജീവമാക്കൽ | | | പഞ്ചായത്ത് സർക്കാർ<br>പൂർവ്വവിദ്യാർത്ഥികൾ | 10000 |

Scanned with CamScanner

ഞങ്ങളുടെ സ്കൂളിൽ ഏറ്റെടുക്കാൻ കഴിയുന്ന അക്കാദമികവും ഭൗതികവുമായ വികസന പരിപാടികളെപ്പറ്റി അക്കാദമിക മാസ്റ്റർ പ്ലാനിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാലയ പ്രവർത്തനങ്ങളെ സമഗ്രമായി സമീപിച്ചുള്ള ഒരു സജീവരേഖയാണിത്.കൂടുതൽ മികവിലേക്കും കൂടുതൽ പൂർണ്ണതയിലേക്കും നയിക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് സമൂഹത്തിന്റെ വിശ്വാസ്യതയുള്ള ഒരു വ്യത്യസ്ത വിദ്യാലയമാക്കി മാറ്റുക എന്നതാണ് ഈ സമഗ്രരേഖയിലൂടെ ഞങ്ങൾ സ്വപ്നം കാണുന്നത്.

Scanned with CamScanner